കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാ ഓഡിറ്റ് കാര്യാലയം കൊല്ലം

e-mail:doklmksad@kerala.gov.in.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി.5/2035/18

കേരള സംസ്ഥാന ഓഡിറ്റ്

ജില്ല ഓഡിറ്റ് കാര്യാലയം

കൊല്ലം ജില്ല

തീയതി.20/3/19

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇത്തിക്കര ബ്ലോക്ക്പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ്

പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നംകെ.എസ്.എകെ.എൽ.എം- പി-5/2035/18 തീയതി:20/3/19

## കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികമ്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 25-10-2017 മുതൽ 31-08-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിമ്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ബിനുകുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26-11-2018 മുതൽ 30-11-2018. വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മണിലാൽ.വി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.അജ്മൽ എ.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | ശ്രീമതി.അമ്പിളി.ജി | സീനിയർ ഗ്രേഡ് |

| | | |
|---|---|---|
| | | ഓഡിറ്റർ. |
| | ശ്രീ.രാകേഷ്.എം | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.മായാ സുരേഷ് | 01.04.2017 മുതൽ<br>31-03-2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| സെക്രട്ടറി | ശ്രീമതി. ബീനാ കുമാരി റ്റി | 01-04-2017മുതൽ<br>22-10-2017 വരെ |
| | ശ്രീ.ശരശ്ചന്ദ്രക്കുറുപ്പ് പി കെ | 23-10-2017മുതൽ<br>31-03-2018വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി.സ്മിത എസ് | 01.04.2017 മുതൽ<br>31-03-2018 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ. | ശ്രീ.ജേക്കബ് മാരിയോ | 01-04-2017മുതൽ<br>09-06-2017 വരെ |
| | ശ്രീ.പ്രമോദ് എം എസ് | 10-06-2017മുതൽ<br>27-06-2017 വരെ |
| | ശ്രീ.ജയറാം ജെ | 28-06-2017മുതൽ<br>31-03-2018 വരെ |

| | | |
|---|---|---|
| സി.ഡി.പി.ഒ | ശ്രീമതി.രമണി റോസ് ജെ സി | 01-04-2017മുതൽ 23-10-2017 വരെ |
| | ശ്രീമതി. രഞ്ജിനി എൽ | 23-10-2017മുതൽ 01-11-2017 വരെ |
| | ശ്രീമതി.ജെഷിത ഇ | 02-11-2017 മുതൽ 31-03-2018.വരെ |
| മെഡിക്കൽ ഓഫീസർ, കലയ്ക്കോട് സി.എച്ച്.സി | ഡോ.സാനി എം സോമൻ | 01-04-2017മുതൽ 14-08-2017 വരെ |
| | ഡോ.ഉത്സാഹ് എച്ച് | 15-08-2017മുതൽ 03-10-2017 വരെ |
| | ഡോ.സാനി എം സോമൻ | 04-10-2017മുതൽ 31-12-2017 വരെ |
| | ഡോ.ഉത്സാഹ് എച്ച് | 01-01-2018 മുതൽ 31-03-2018.വരെ |
| പട്ടികജാതി വികസന ഓഫീസർ. | ശ്രീമതി.ഷീജാ ബീവി | 01-04-2017മുതൽ 26-05-2017വരെ |
| | | |

| | | |
|---|---|---|
| | ശ്രീ.ജി ഹരിദാസ് | 27-05-2017മുതൽ 31-03-2018 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ. ഷാജി എം എ | 01-4-2017 മുതൽ 31-03-2018വരെ |
| വെറ്ററിനറി സർജൻ | ഡോ.ജാസ്മി ജമാൽ | 01-4-2017 മുതൽ 09-10-2017വരെ |
| | ഡോ.സാബു സേവ്യർ | 10-10-2017 മുതൽ 31-03-2018വരെ |

## ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ഫണ്ട് വിനിയോഗം -നിർവ്വഹണത്തിലെ വീഴ്ചമൂലം പദ്ധതിപ്പണം നഷ്ടപ്പെടുന്നു. | 2-1 |
| 14 | ഇ-ടെണ്ടർ ഫീ ലഭിച്ചത് ബ്ലോക്കുപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുവരുത്തിയില്ല. | 2-2 |
| 15 | രസീത് പരിശോധനയിൽ കാണപ്പെട്ട അപാകതകൾ | 2-3 |
| 16 | ഇ ടെണ്ടറിന് തുക ഒടുക്കിയ അക്കൗണ്ട് വിവരങ്ങൾ | 2-4 |

| | | |
|---|---|---|
| | ലഭ്യമല്ല | |
| 17 | ടെണ്ടർഫോറം വാങ്ങി-തുക തിരികെ ഒടുക്കു വരുത്തിയിട്ടില്ല. | 2-5 |
| | ഭാഗം 3 | |
| 18 | ബില്ലിനെ അധികരിച്ച് തുക ചെലവഴിച്ചു. | 3-1 |
| 19 | രസീത് ഹാജരാക്കാതെ ഇ.എം.ഡി തുക തിരികെ നല്കി. | 3-2 |
| 20 | ലോഗ് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 3-3 |
| 21 | ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | 3-4 |
| 22 | വിനിയോഗസാക്ഷ്യപത്രങ്ങൾ ഇല്ല | 3-5 |
| 23 | രോഗം വന്ന തെങ്ങ് മുറിച്ചുമാറ്റി പകരം തൈ നൽകൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ :1,45,500/- രൂപ നിരാകരിക്കുന്നു. | 3-6 |
| 24 | അങ്കണവാടി കെട്ടിട നിർമ്മാണത്തിന് വിഹിതം നൽകൽ -പണി പൂർത്തിയായില്ല | 3-7 |
| 25 | അങ്കണവാടികൾക്ക് വനിതകൾക്ക് റഫറൻസ് ലൈബ്രറി- വാങ്ങിയ പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തില്ല | 3-8 |
| 26 | പ്രീമെട്രിക് ഹോസ്റ്റലിലെ കമ്പ്യൂട്ടർ പട്ടികജാതി വികസന വകുപ്പ് ഓഫീസിൽ ഉപയോഗിക്കുന്നു. | 3-9 |

| | | |
|---|---|---|
| 27 | പട്ടികജാതിയിൽ പ്പെട്ട വിദ്യർത്ഥികളുടെ വിദ്യഭ്യാസസൗകര്യം മെച്ചപ്പെടുത്തൽ- അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി. | 3-10 |
| 28 | മെഡിക്കൽ ക്യാംപിനുള്ള മരുന്നുകളും ഉപകരണങ്ങളും നാളിതുവരെ ലഭ്യമായിട്ടില്ല. | 3-11 |
| 29 | പട്ടികജാതിയിൽപ്പെട്ട വികലാംഗർക്ക് സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർ ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല | 3-12 |
| 30 | പഠിക്കാത്ത വിദ്യാർത്ഥിക്ക് പഠന സ്കോളർഷിപ്പ് | 3-13 |
| | ഭാഗം-4 | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 38 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 41 | അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം-2017-18 | 1 |
| 42 | അനുബന്ധം-2 | 2 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

29-03-2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-17 | 27-6-2018 | ---- | ---- |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 30.8.2018-31.8.2018 | കെ.എസ്.എ.കെ.എൽ.എം-പി5/1576/18, തീയതി 1.10.2018. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,42,52,840 |
| വരവ് | 8,92,26,211 |
| ആകെ | 13,34,79,051 |
| ചെലവ് | 9,93,97,742 |
| നീക്കിയിരിപ്പ് | 3,40,81,309 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 3,43,30,536 | 3,43,30,536 | 2,88,09,072 | 55,21,464 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2,18,73,000 | 2,18,73,000 | 2,18,28,024 | 44,976 |
| വികസന ഫണ്ട് -ടി.എസ്.പി (ACR പ്രകാരം) | 0 | 2,00,000 | 2,00,000 | -0 | 2,00,000 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 38,28,000 | 38,28,000 | 38,28,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | 0 | 0 | 0 | 0 | 0 |
| ഐ.എ. | 48,795 | 2,61,088 | 3,09,883 | 2,58,217 | 51,666 |

| | | | | | |
|---|---|---|---|---|---|
| വൈ | | | | | |
| SHG | 5,352 | 204 | 5,556 | 0 | 5,556 |
| TSC | 29,64,883 | 1,51,488 | 31,16,371 | 0 | 31,16,371 |
| IWMP | 2,91,334 | 67,979 | 3,59,313 | 3,51,337 | 7,976 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ | 2,57,33,053 | 3,82,97,334 | 6,40,30,387 | 4,13,74,287 | 2,26,56,100 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | 64,72,187 | 3,07,65,900 | 3,72,38,087 | 3,19,90,753 | 52,47,334 |
| ജനറൽ പർപ്പസ് ഫണ്ട് | 66,74,108 | 61,34,581 | 1,28,08,689 | 1,19,11,495 | 8,97,194 |
| തനത് ഫണ്ട് | 18,90,865 | 1,34,470 | 20,25,335 | 94,918 | 19,30,417 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 111 | 6,56,37,403 | 88 | 5,06,37,096 | 7 | 16 | 79.27 |

# 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല

# 1-8 ക്ഷേമ പദ്ധതികൾ

ഇല്ല.

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-11-2018-ന് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 3,844/- രൂപയുടെ ക്യാഷ് ബാലൻസ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

# 1-10 ആഭ്യന്തരനിയന്ത്രണം

1.ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

2.ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.

3.അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എന്ട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

4.വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.

5.സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ചില അവസരങ്ങളിൽ കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. സാംഖ്യ രസീതുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6.സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

7.വാർഷിക കണക്കുകളുടെ ഭാഗമായി തയ്യാറാക്കേണ്ട മുൻകൂർ, ഡെപ്പോസിറ്റ്, ലോഗ് ബുക്ക്(ജനറേറ്റർ), എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

8.ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.

9.സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08-08-2018 - 16-08-2018 | 2017-18 ഒന്നാം ഘട്ടം | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24-08-2015 മുതൽ 26-08-2015 വരെ | 01-07-2013 മുതൽ 31-08-2015 വരെ | 08-10-2015 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കാൻ ബാക്കി നിൽക്കുന്നവ

I. വാർഷിക കണക്കിലുൾപ്പെട്ടിട്ടുള്ള നീക്കിയിരിപ്പ് തുകകളിൽ ബാങ്ക് സ്റ്റേറ്റ്മെന്റ്/ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, എ.എഫ്.എസ് എന്നിവയിൽ വ്യത്യാസം കാണുന്നു. റീകൺസിലിയേഷൻ വിശദാംശങ്ങൾ കൃത്യമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1.ട്രഷറി റ്റി.എസ്.ബി അക്കൗണ്ട് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക – 9,37,827/-രൂപയും വാർഷിക കണക്കുകളിലെ നീക്കിയിരിപ്പ് തുക -8,97,194/- രൂപയുമാണ്. വ്യത്യാസമുള്ള തുകയായ 40,633/-രൂപയിൽ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 37,415/-രൂപയുടെ പണമാകാത്ത ചെക്കിന്റെ വിശദാംശങ്ങൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. 3,218/-രൂപയുടെ വ്യത്യാസം ബോധ്യപ്പെട്ടിട്ടില്ല.

2.ആദിച്ചനല്ലൂർ FCB IAY loan അക്കൗണ്ടിന്റെ വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക – 16,357/-രൂപയാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ്/റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക -100/-രൂപയാണ്. ആദിച്ചനല്ലൂർ FCB IAY loan അക്കൗണ്ടിന്റെ അക്കൗണ്ട് നമ്പരായ 16,357ആണ് നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടുള്ളത്. ടി അക്കൗണ്ടിന്റെ ലഡ്ജർ പരിശോധിച്ചതിൽ നിന്നും മുന്നിരിപ്പ് തുകയായ 11,178/-രൂപയോടൊപ്പം " 5,179"/-രൂപ പലിശയായി ഉൾപ്പെടുത്തി നീക്കിയിരിപ്പ് 16,357/- ആക്കി മാറ്റിയിരിക്കുകയാണ്. ആയതിനാൽ വാർഷികകണക്കിലുൾപ്പെട്ടിട്ടുള്ള പലിശ വരവും കൃത്യമല്ല എന്ന് വ്യക്തമാകുന്നു.

3. NABARD RIDF -ന്റെ നീക്കിയിരിപ്പ് വാർഷികകണക്ക് പ്രകാരം - 12,61,000/-രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 12,610/- രൂപയുമാണ്. വ്യത്യാസം തുകയായ 1,13,490/- രൂപയുടെ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

4. IAY Plan subsidy (അക്കൗണ്ട് നം. 6338237536)ന്റെ നീക്കിയിരിപ്പ് വാർഷികകണക്ക് പ്രകാരം -2,26,56,100/-രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം -2,35,94,468/-രൂപയുമാണ്. വ്യത്യാസ തുകയായ 9,38,368/-രൂപയും റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

II . IWMP – SBI Chathannoor account No.36595199612 – വാർഷികകണക്കിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല. ഈ അക്കൗണ്ട് സാംഖ്യയിൽ ഉൾപ്പെട്ടിട്ടില്ല. 2017-18 വർഷം ടി അക്കൗണ്ടിൽ 5,541/-രൂപ നീക്കിയിരിപ്പുണ്ട്.

III. ബാങ്ക് അക്കൗണ്ടുകൾ എല്ലാം തന്നെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുമായി പ്രതിമാസം പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

IV. നൽകിയ ചെക്കുകളിൽ 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്ത ചെക്കുകളുടെ തുക Liability in respect of Stale cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റുന്നില്ല.

V. 2017-18 സാമ്പത്തിക വർഷ വാർഷിക കണക്കിന്റെ ബാലൻസ് ഷീറ്റിൽ Capital work in progress - ' 0' ആയാണ് ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ തൻവർഷം പാർട്ട് ബിൽ പേയ്മെന്റ് നടന്നിട്ടുണ്ട്. Capital work in progress സംബന്ധിക്കുന്ന work sheet തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

VI. ബാലൻസ് ഷീറ്റിലുൾപ്പെട്ടിട്ടുള്ള Secured loan from Co-operative banks (33050010) – തുകയായ 1,14,40,792/-രൂപയുടെ വിശദാംശങ്ങൾ ബോധ്യപ്പെട്ടിട്ടില്ല. ലോൺ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

VII. ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളിൽ Liability Side -ൽ ഉൾപ്പെട്ടിട്ടുള്ള (B4 schedule) NABARD Assistance 12,600/-രൂപയാണ്. തത്തുല്യമായ നീക്കിയിരിപ്പല്ല അസറ്റ് സൈഡ് ബി-17 ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്നത്( 1,26,100/-രൂപ).

VIII. റസീപ്റ്റ് ആന്റ് പേയ്മെന്റിലുൾപ്പെട്ടിട്ടുള്ള കേന്ദ്രാവിഷ്കൃത ഫണ്ടുകളുടേയും , ജോയിന്റ് വെൻചർ പ്രോജക്ട്സ് വരവുകളുടേയും കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ഓരോ ഫണ്ടുകളും ഇനം തിരിച്ചല്ല രേഖപ്പെടുത്തലുകൾ വരുത്തുന്നത്. ആയതിനാൽ ഓരോ ഫണ്ടുകളുടേയും ഇനം തിരിച്ചുള്ള വരവുകൾ പരിശോധനാ വിധേയമാക്കിയിട്ടില്ല.
IX. ഐ.എ.വൈ. ലോൺ രജിസ്റ്റർ പ്രകാരം വായ്പയിനത്തിൽ തൻവർഷം തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്നത് 1,33,51,100/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഇത് 1,14,40,792/-രൂപയാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഫണ്ട് വിനിയോഗം -നിർവ്വഹണത്തിലെ വീഴ്ചമൂലം പദ്ധതിപ്പണം നഷ്ടപ്പെടുന്നു.

ഓഡിറ്റ് കാലയളവിൽ ബ്ലോക്ക പഞ്ചായത്ത് അംഗീകരിച്ച വാർഷിക പദ്ധതി പ്രകാരം ലഭിച്ച വിവിധ ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിൽ വീഴ്ച വന്നതുമൂലം 55,66,440/-രൂപയുടെ പദ്ധതിപ്പണം തൻവർഷം ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | ചെലവഴിച്ച തുക | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പ്പോയ തുക |
|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം | 3,43,30,536 | 2,88,09,072 | 83.92 | 55,21,464 |
| വികസന ഫണ്ട് (എസ്.സി.പി.) | 2,18,73,000 | 2,18,28,024 | 99.79 | 44,976 |
| സംരക്ഷണ ഗ്രാന്റ് (നോൺ | 38,28,000 | 38,28,000 | 100 | -- |

| | | | | |
|---|---|---|---|---|
| റോഡ്) | | | | |
| ആകെ | 6,00,31,536 | 5,44,65,096 | 90.73 | 55,66,440 |

ഉത്പാദന മേഖലയിൽ അംഗീകാരം ലഭിച്ച പട്ടികജാതി വനിതാ ഗ്രൂപ്പുകൾക്ക് ആട്ടുവിതരണം, പട്ടികജാതി വനിതകൾക്ക് പശുവളർത്തൽ എന്നിവ ഗുണഭോക്താക്കളുടെ പങ്കാളിത്തക്കുറവ് മൂലം ലക്ഷ്യം കാണാതെ പോയി.

ബ്ലോക്കു പഞ്ചായത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനും ഉല്പാദന, സേവനമേഖലയുടെ വളർച്ചയ്ക്കും ലഭ്യമാകുമായിരുന്ന തുകയാണ് പാഴായി പോയത്. നടപ്പിൽ വരുത്തുവാൻ കഴിയുന്ന പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ കഴിയാതിരുന്നതിനാലാണ് ബ്ലോക്കുപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വൻതുക തൻവർഷം ഉപയോഗപ്പെടുത്താൻ കഴിയാതെ പാഴായിപ്പോയത്. കൂട്ടായ പ്രവർത്തനത്തിലൂടെ പരമാവധി ധനവിനിയോഗം ഉറപ്പ് വരുത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ഇ-ടെണ്ടർ - ടെൻസർ ഫോം വില ബ്ലോക്കുപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുവരുത്തിയില്ല.

ഇ-ടെണ്ടർ മുഖേന ലഭിക്കുന്ന ടെണ്ടർ ഫീ സ്വീകരിക്കുന്നതിന് കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിനായി സർക്കുലർ നം. ഡി.ബി.1/79/42/2010/CE/LSGD, തീയതി 17.8.2017 പ്രകാരം എൽ.എസ്.ജി.ഡി.എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. തുടർന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ.യിൽ 11.10.2017-ൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. എന്നാൽ അസി.എക്സി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തയിനത്തിൽ തൻവർഷം ലഭിച്ച ടെണ്ടർ ഫോം വിലയായ 45,340/- രൂപ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തിയിട്ടുള്ളത്. ഈ തുക ബ്ലോക്കുപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കൂടാതെ ടി സർക്കുലർ പ്രകാരം ആരംഭിച്ച അക്കൗണ്ടിലൂടെ ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫീ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-3 രസീത് പരിശോധനയിൽ കാണപ്പെട്ട അപാകതകൾ

വരവിനങ്ങളുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടു.

1.2017-18 കാലയളവിൽ സാംഖ്യ രസീത് ഉണ്ടെങ്കിലും ഒരിക്കൽ മാത്രമാണ് ഓഫീസ് കളക്ഷനായി ഉപയോഗിച്ചിട്ടുള്ളത്.

2.സാംഖ്യ രസീതികളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

3.രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

സ്റ്റോക്ക് രജിസ്റ്ററിൽ രസീതികളുടെ ക്രമ നമ്പർ, ഇഷ്യൂ ചെയ്ത തീയതി, കൈപ്പറ്റിയവരുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല

4.രസീത് ബുക്കുകളിൽ കൗണ്ട് ഓഫ് റസീപ്റ്റ് രേഖപ്പെടുത്തുന്നില്ല.

സാംഖ്യ രസീതികളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തത് ഗുരുതരമായ വീഴ്ച്ചയാണ്. സാംഖ്യ രസീത്, രസീത് ബുക്കുകളുടെ സ്റ്റോക്ക് എന്നിവ എഴുതി സൂക്ഷിക്കുകയും കൃത്യമായി പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഇ ടെണ്ടറിന് തുക ഒടുക്കിയ അക്കൗണ്ട് വിവരങ്ങൾ ലഭ്യമല്ല

ഭിന്ന ശേഷി ക്കാരായ വനിതകൾക്കും ജനറൽ വിഭാഗത്തിൽപ്പെട്ടവർക്കും മുചക്രവാഹനം നൽകല് എന്ന പ്രോജക്കുകൾക്കായി നിർവഹണഉദ്യോഗസ്ഥൻ-സി.ഡി.പി.ഓ (യഥാക്രമം പ്രോജക്ട് നമ്പർ 53/18,81/18) ഇ ടെണ്ടർ നടത്തിയപ്പോൾ ആയതിന്റെ ടെണ്ടർഫോറം വില, ഇ.എം.ഡി. എന്നിവ ഒടുക്കിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് ഏത് എന്ന് വ്യക്തമല്ല. ആയതിന്റെ വിശദാംശങ്ങൾ , അക്കൗണ്ട് നമ്പർ എന്നിവ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് മറുപടി ലഭ്യമാക്കിയില്ല. ഏത് ബാങ്ക് അക്കൗണ്ടാണെന്നുള്ള വിവരം ലഭ്യമാക്കി ആയതിൽ നിന്നും ടെണ്ടർ ഫോറം വില ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് നിക്ഷേപിച്ച് ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നം. | 7/30-11-18 |

## 2-5 ടെണ്ടർഫോറം വാങ്ങി-തുക തിരികെ ഒടുക്കു വരുത്തിയിട്ടില്ല.

അങ്കണവാടികളിൽ വനിതകൾക്ക് റഫറൻസ് ലൈബ്രറി- എന്ന പ്രോജക്ടിന്റെ ടെണ്ടർ നടപടികൾക്കായി നിർവഹണഉദ്യോഗസ്ഥയായ സി.ഡി.പി.ഓ.ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പത്ത് ടെണ്ടർ ഫോറം വാങ്ങിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഒപ്പിട്ട് ഫോറം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ 29-1-2018 തീയതിയിലെ 117010100009 നമ്പർ രസീത് പ്രകാരം 2800/- രൂപയാണ് ഒടുക്കിയിരിക്കുന്നത്. പ്രസ്തുത തീയതി വരെ ഉപയോഗിച്ച ആറുടെണ്ടർഫോമിൽ അഞ്ച്എണ്ണത്തിന്റെ തുകയാണ് ഒടുക്കിയിരിക്കുന്നത്. ഒരെണ്ണത്തെ നികുതി അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ആയതിന്റെ രേഖകൾ ഒന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ബാക്കി നാലു ടെണ്ടർ ഫോറം വിറ്റ വകയിൽ ലഭിക്കാനുള്ള തുക നാളിതുവരെ ഒടുക്കിയിട്ടില്ല.ആയതിന് കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 7/30-11-18)നാളിതുവരെ മറുപടി ലഭ്യമാക്കിയില്ല. തുക ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബില്ലിനെ അധികരിച്ച് തുക ചെലവഴിച്ചു.

2017-18 സാമ്പത്തിക വർഷത്തെ ചെലവ് പരിശോധനയിൽ ഹാജരാക്കിയ ബില്ല് തുക അധികരിച്ച് ചെലവഴിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വൗച്ചർ നം. 52/17-18, ചെക്ക് നം 2935349/31.07.2017

മേൽ പരാമർശിച്ച വൗച്ചർ പ്രകാരം IWMP സെല്ലിലേക്ക് 2 ടേബിൾ ക്ളോത്ത് വാങ്ങിയ ഇനത്തിൽ ചെലവഴിച്ച 455/- രൂപ ഹാജരാക്കിയ ബില്ലിൽ ഉൾപ്പെട്ടിട്ടില്ല. മറ്റൊരു തുണിത്തരം വാങ്ങിയതിന്റെ 455/- രൂപയുടെ ബില്ലാണ് ഹാജരാക്കിയത്.

2. വൗച്ചർ നം. 127/17-18; ചെക്ക് നം2812836/14.12.2017, ചെക്ക് നം2812837/14.12.2017

മേൽ പരാമർശിച്ച വൗച്ചർ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി നടത്തിയ താഴെപ്പറയുന്ന യാത്രകൾക്ക് ഭക്ഷണം വാങ്ങിയ ഇനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട് .ഔദ്യോഗിക ആവശ്യങ്ങൾക്കായി നടത്തുന്ന യാത്രകൾക്ക് നിയമാനുസൃതമായ യാത്രാപ്പടിയ്ക്ക് അർഹതയുള്ളതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും ടിയിനത്തിൽ തുക ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല.

(1)കയർ കേരള ധാരണാ പത്രത്തിൽ ഒപ്പു വയ്ക്കുന്നതിന് നടത്തിയ യാത്ര- ചെക്ക് നം 2812836 പ്രകാരം 1586/- രൂപ

(2) ഗ്രാമ ന്യായാലയം അനുവദിക്കുന്നതിന് ഹൈക്കോടതിയിൽ പോയ യാത്ര-

ചെക്ക് നം 2812837 പ്രകാരം 2243/- രൂപ

(3). വൗച്ചർ നം. 159/17-18, ചെക്ക് നം 2812879/24.02.2018

മേൽ പരാമർശിച്ച വൗച്ചർ പ്രകാരം പത്ര പരസ്യം നല്കിയ ഇനത്തിൽ ജനയുഗം പത്രത്തിന് 8190 രൂപ നല്കിയിട്ടുണ്ട് . എന്നാൽ പ്രസ്തുത പരസ്യത്തിന് ജനയുഗം നൽകിയ ബില്ല് പ്രകാരം 7560 രൂപ മാത്രമാണ് ചെലവ്. അധികം ചെലവഴിച്ചത് 630/- രൂപ.

4.വൗച്ചർ നം. 168/17-18, ചെക്ക് നം 2812889/31.03.2018

മേൽ പരാമർശിച്ച വൗച്ചർ പ്രകാരം കലയ്ക്കോട് CHC യുടെ വിവിധ ചെലവുകൾക്കായി 14769 രൂപ ചെലവഴിച്ചിട്ടുണ്ട്.എന്നാൽ 13402 രൂപയുടെ ബില്ല് മാത്രമാണ് വൗച്ചറിനൊപ്പം ഹാജരാക്കിയുള്ളത്. അധികം ചെലവഴിച്ചത് 1367/- രൂപ.

5.വൗച്ചർ നം. 166/17-18, ചെക്ക് നം 2812887/31.03.2018

മേൽ പരാമർശിച്ച വൗച്ചർ പ്രകാരം കലയ്ക്കോട് CHC യുടെ വിവിധ ചെലവുകൾക്കായി 75008 രൂപ ചെലവഴിച്ചിട്ടുണ്ട്.എന്നാൽ 73868 രൂപയുടെ ബില്ല് മാത്രമാണ് വൗച്ചറിനൊപ്പം ഹാജരാക്കിയുള്ളത്. അധികം ചെലവഴിച്ചത് 1140/- രൂപ.

മേൽ പരാമർശിക്കപ്പെട്ട അധികമായി ചെലവഴിച്ച ആകെ തുക 7421/- രൂപ തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/27.11.2018, 8/30.11.2018 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 രസീത് ഹാജരാക്കാതെ ഇ.എം.ഡി തുക തിരികെ നല്കി.

വൗച്ചർ നം 45/17-18 പ്രകാരം കലയ്ക്കോട് സി.എച്ച്.സി യിലെ പഴയ കെട്ടിടം പൊളിച്ച് മാറ്റുന്നതിനായി ലേലം ചെയ്തതിൽ ലഭിച്ച ഇ.എം.ഡി തുകയായ 350 രൂപ തിരികെ നല്കുന്നതിനായി പിൻവലിച്ചിട്ടുണ്ട് (ചെക്ക് നം 2935337/13.07.2017). എന്നാൽ രസീതിന്റെ ഒറിജിനൽ ക്യാൻസൽ ചെയ്ത് വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടില്ല. ലേലം നടത്തിയ ലേല ഡയറിയോ മറ്റ് രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/30.11.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ഒറിജിനൽ രസീത് ഹാജരാക്കാതെ തുക നല്കിയത് അംഗീകരിക്കാവുന്നതല്ല. 350 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-3 ലോഗ് ബുക്കുകൾ പരിപാലനത്തിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിലെ ജനറേറ്റർ, കലയ്ക്കോട് സി.എച്ച്.സി യിലെ ഔദ്യോഗിക വാഹനം (KL 01 K 9292) എന്നിവയ്ക്ക് ഇന്ധനം നിറച്ച ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ ലോഗ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (നം 9/30.11.2018) നൽകിയതിനെത്തുടർന്ന് ജനറേറ്ററിന്റെ ലോഗ് ബുക്ക് ഹാജരാക്കിയെങ്കിലും ഓഡിറ്റ് കാലയളവിൽ ഇന്ധനം നിറച്ചതിന്റെ വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ലോഗ് ബുക്കുകൾ കൃത്യമായ രേഖപ്പെടുത്തലോടുകൂടി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-4 ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക 1,61,860/-

താഴെപ്പറയുന്ന വൗച്ചറുകളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

| ക്രമ നം | വൗച്ചർ നം | തുക |
|---|---|---|
| 1 | 65/17-18 | 50,000 |
| 2 | 73/17-18 | 4,400 |
| | | |

| | | |
|---|---|---|
| 3 | 84/17-18 | 3,000 |
| 4 | 89/17-18 | 70,000 |
| 5 | 161/17-18 | 30,000 |
| 6 | 169/17-18 | 4,460 |
| | ആകെ | 1,61,860 |

മേൽ പരാമർശിച്ച വൗച്ചറുകളുടെ ചെലവ് രേഖകൾ ഹാജരാക്കി 1,61,860/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 17/18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ കൈമാറിയ തുകകൾ അതാത് പദ്ധതിക്ക് തന്നെ വിനിയോഗിച്ചതിന്റെ രേഖകൾ, ചെലവ് സ്റ്റേറ്റ്മെൻറുകൾ, ഫൈനൽ ബില്ലുകൾ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ എന്നീ രേഖകൾ ഇല്ല:വിശദാംശങ്ങൾ ചുവടെ:

| ക്രമ നം. | പദ്ധതിയുടെ പേര് | പദ്ധതി നം. | ചെലവ് തുക (രൂപ) | ബിൽ നം. | തുക കൈപ്പറ്റിയ സ്ഥാപനം. |
|---|---|---|---|---|---|
| 1. | പട്ടിക ജാതി വിഭാഗ ത്തിൽപ്പെട്ടവർക്ക് കുടിവെള്ള പദ്ധതി - പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 47/18 (SCP) | 34,50,000/- | 26/17-18; (29-1-18) 29,50,000/- :56/17-18; (28-3-18) 5,00,000/- | KWA |
| 2. | കുളമട- കോട്ടയക്കേരം വാർഡിൽ കുഴിയംവാരം കോളനിയിൽ കുടിവെള്ള പദ്ധതി: | 110/18 (SCP) | 9,97,691/- | 38/17-18;(7-3-18) | ഭൂജല വകുപ്പ്, കൊല്ലം ജില്ലാ ഓഫീസ് |
| 3. | ചിറക്കര ഗ്രാമപഞ്ചായത്തിലെ 6,9,10,12,13 വാർഡുകളിൽ LED ലൈറ്റ് സ്ഥാപിക്കൽ (ബ്ലോക്ക് വിഹിതം നൽകൽ): | 22/18 (ജനറൽ) | 1,20,000 | 24/17-18 (25-1-18) | ചിറക്കര പഞ്ചായത്ത് |
| 4. | വൈദ്യുതി ലൈൻ നീട്ടൽ - ബ്ലോക്ക് വിഹിതം നൽകൽ: | 21/18 | 6,00,000 | 13/17 - 18(18-11-17) | പൂതക്കുളം പഞ്ചായത്ത് |
| 5. | കല്ലുവാതുക്കൽ പഞ്ചാത്തിൽ കിഴക്കനേല വാർഡിൽ ചാന്നാം പൊയ്ക കോളനി കുടിവെള്ള പദ്ധതി | 111/18 (SCP) | 5,00,000 | 34 / 17-18(9-2-18) | ഭൂജല വകുപ്പ്. |
| 6. | മാലിന്യ സംസ്കരണം – ക്യാമറ സ്ഥാപിക്കൽ | 116/18 | 5,00,000 (വികസന ഫണ്ട് ) | 38 / 17-18 (18-2-18) | പി.ഡബ്ല്യു.ഡി ഇലക്ട്രിക് ഡിപ്പാർട്ട്മെന്റ് |

മേൽ സൂചിപ്പിച്ച പദ്ധതികൾക്ക് വേണ്ടി കൈമാറിയ 61,67,691/- രൂപ

വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം, വിശദമായ ചെലവ് പത്രികകൾ, ഫൈനൽ ബില്ലുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-6 രോഗം വന്ന തെങ്ങ് മുറിച്ചുമാറ്റി പകരം തൈ നൽകൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ :1,19,625/- നിരാകരിക്കുന്നു.

പദ്ധതി നം: S089/17

ചെലവ് :20,29,000 (വികസന ഫണ്ട്)

ബിൽ നം: 3/16-17 (31-7-17)

:86250 (ഗുണ:വിഹിതം)

നിർവ്വഹണം: കൃഷി അസി.ഡയറക്ടർ

രോഗം വന്ന തെങ്ങ് മുറിച്ചുമാറ്റി പകരം തൈ നൽകൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

A) ചാത്തന്നൂർ, കല്ലുവാതുക്കൽ, ആദിച്ചനല്ലൂർ, ചിറക്കര, പൂതക്കുളം പഞ്ചായത്തുകളിൽ കേടുവന്ന 3450 തെങ്ങുകൾ മുറിച്ചുമാറ്റി 3450 തൈകൾ നൽകുന്നതാണ് പദ്ധതി.മുറിക്കുന്ന തെങ്ങ് ഒന്നിന് 500/- രൂപയും തൈ ഒന്നിന് സബ്സിഡി 75% നൽകുന്നു. പദ്ധതി നടപ്പിലാക്കുന്നത് വകുപ്പിൽ നിലവിലുള്ള സബ്സിഡി നിർദ്ദേശങ്ങൾ പാലിച്ചായിരിക്കണം.കൃഷി വകുപ്പ് ഡയറക്ടറുടെ 20-4-16 ലെ TB(1)14947/16 ഉത്തരവ് പ്രകാരം ഹെക്ടറിൽ പരമാവധി നൽകാൻ കഴിയുന്ന സബ്സിഡി 5000/- രൂപ മാത്രമാണ് (10 തെങ്ങ് മുറിക്കുന്നതിനുള്ള സബ്സിഡി). ടി ഉത്തരവ് ഖണ്ഡിക I(e) നിർദ്ദേശത്തിനു വിരുദ്ധമായി ചാത്തന്നൂർ ,കല്ലുവാതുക്കൽ പഞ്ചായത്തുകളിൽ യഥാക്രമം 32500/-,9500/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള എൻക്വയറിക്കുള്ള മറുപടി പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സാധൂകരിക്കത്തക്കതല്ല.

**ചാത്തന്നൂർ**

| വിശദാംശങ്ങൾ ചുവടെ | മുറിച്ചുമാറ്റിയ തെങ്ങുകളുടെ എണ്ണം | കൈപ്പറ്റിയ സബ്സിഡി | അധികം കൈപ്പറ്റിയത് |
|---|---|---|---|
| ചന്ദ്രശേഖരൻ നായർ | 23 | 11,500 | 6,500 |
| കവിരാജ് | 12 | 6,000 | 1,000 |
| ശ്രീകുമാരി | 13 | 6,500 | 1,500 |
| ജിനി ജയപ്രസാദ് | 25 | 12,500 | 7,500 |
| രാധാകൃഷ്ണപിള്ള | 11 | 5,500 | 500 |
| | | | |

| | | | |
|---|---|---|---|
| B. ബാലചന്ദ്രൻ | 37 | 18,500 | 13500 |
| രാജേന്ദ്രൻ.S | 11 | 5500 | 500 |
| രാജേശ്വരി | 12 | 6,000 | 1,000 |
| പ്രഭാകരൻ നായർ | 11 | 5,500 | 500 |
| ആകെ | | | 32,500 |

**കല്ലുവാതുക്കൽ പഞ്ചായത്ത്**

| വിശദാംശങ്ങൾ ചുവടെ | മുറിച്ചുമാറ്റിയ തെങ്ങുകളുടെ എണ്ണം | കൈപ്പറ്റിയ സബ്സിഡി | അധികം കൈപ്പറ്റിയത് |
|---|---|---|---|
| സുനന്ദ ബായി | 12 | 6,000 | 1,000 |
| സനിൽ | 12 | 6,000 | 1,000 |
| ലേഖ രാജൻ | 13 | 6,500 | 1,500 |
| ശ്യാമളകുമാരി അമ്മ | 12 | 6,000 | 1,000 |
| രമേശൻ | 12 | 6000 | 1,000 |
| രാജശേഖരൻ പിള്ള | 13 | 6,500 | 1,500 |
| പ്രഭാകരൻ പിള്ള | 12 | 6,000 | 1,000 |
| പ്രസാദ് | 13 | 6,500 | 1,500 |
| | | ആകെ | 9,500 |

അധികം നൽകിയ 42000/- (32500+9500) രൂപ കൃഷി അസി.ഡയറക്ടറിൽ നിന്നും ഈടാക്കേണ്ടതാണ്

B) കൃഷി വകുപ്പ് ഡയറക്ടറുടെ 20-4-16 ലെ TB(1) 14947/16 സബ്സിഡി നിർദ്ദേശം [Para 1( f) ] പ്രകാരം തൈയുടെ യൂണിറ്റ് കോസ്റ്റ് 70/- ആണ് എന്നാൽ ടി പദ്ധതിയിൽ 3450 തൈകൾ തൈ ഒന്നിന് 100/- രൂപയ്ക്ക് വാങ്ങുകയും 75% സബ്സിഡി നിരക്കിൽ 1038 ഗുണഭോക്താക്കൾക്ക് നൽകിയതിന് വികസന ഫണ്ടിൽ നിന്നും 2,58,750/- രൂപ ചെലവഴിച്ചു. യൂണിറ്റ് കോസ്റ്റ് 70 /- കണക്കാക്കി സബ്സിഡി നൽകിയിരുന്നെങ്കിൽ ചെലവ് 1,81,125/- ആണ്. തൈ വിതരണത്തിൽ യൂണിറ്റ് കോസ്റ്റിന് വിരുദ്ധമായി തൈ വാങ്ങിയത് മൂലം 77,625/- (2,58,750-1,81,125) രൂപ അധികം ചെലവഴിച്ചിരിക്കുന്നു. ടി തുക ഉത്തരവാദിയായ കൃഷി അസി.ഡയറക്ടറിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം: 01/27-11-18

## 3-7 അങ്കണവാടി കെട്ടിട നിർമ്മാണത്തിന് വിഹിതം നൽകൽ -പണി പൂർത്തിയായില്ല

പ്രോജക്ട് നമ്പർ 87/18

പ്രോജക്ട് – അങ്കണവാടി കെട്ടിട നിർമ്മാണത്തിന് വിഹിതം നൽകൽ

നിർവഹണഉദ്യോഗസ്ഥൻ- സി.ഡി.പി.ഓ

അടങ്കൽ 4,30,000/-

ചെലവ് 4,30,000/-

ബിൽ നമ്പർ 6/17-18/29-1-18---2,00,000/-

7/17-18/28-2-18---2,30,000/-

അങ്കണവാടി കെട്ടിട നിർമ്മാണത്തിന് നൽകിയ തുക ചിറക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചതല്ലാതെ നിലവിൽ യാതൊരു പണികളും നടന്നിട്ടില്ല. ആയതിന്റെ വിനിയോഗരേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 7/30-11-18

തടസ്സപ്പെടുത്തിയ തുക-4,30,000/-

## 3-8 അങ്കണവാടികളിൽ വനിതകൾക്ക് റഫറൻസ് ലൈബ്രറി- വാങ്ങിയ പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തില്ല

പ്രോജക്ട് നമ്പർ- 126/18

പ്രോജക്ട്- അങ്കണവാടികളിൽ വനിതകൾക്ക് റഫറൻസ് ലൈബ്രറി

നിർവ്വഹണഉദ്യോഗസ്ഥൻ- സി.ഡി.പി.ഓ

അടങ്കൽ-4,00,000/-

ചെലവ്--1,60,000/-

ബിൽ നമ്പർ-10/17-18/29-3-2018

അങ്കണവാടികളിൽ വനിതകൾക്ക് റഫറൻസ് ലൈബ്രറി എന്ന പ്രോജക്ടിനായി ടെണ്ടർ വിളിച്ചപ്പോൾ എറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ഹരിതം ബുക്ക്സ് എന്നസ്ഥാപനത്തിൽ നിന്ന് വാങ്ങിയതിനാണ് ബിൽ പ്രകാരം തുക നൽകിയിരിക്കുന്നത്.ആയത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന

അഞ്ച് പഞ്ചായത്തിലെ 40 അങ്കണവാടികൾക്ക് 152 ബുക്ക് വീതമാണ് നൽകുന്നത്. എന്നാൽ ഈ ബുക്കുകൾ കൈപ്പറ്റി , നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്തതിന്റെയും ആയത് അങ്കണവാടികൾ കൈപ്പറ്റി അവരുടെ സ്റ്റോക്കിലെടുത്തതിന്റെയും സ്റ്റോക്ക് രജിസ്റ്റർ പരിശോധനയക്ക് ഹാജരാക്കിയില്ല. ഹാജരാക്കിയിരിക്കുന്ന കൈപ്പറ്റ് രസീത് പ്രകാരം 39 അങ്കണവാടികൾ മാത്രമേ ആയത് കൈപ്പറ്റിയിട്ടുള്ളൂ. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി പ്രോജക്ടിനായി ലഭിച്ച ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ പഞ്ചായത്തിൽ ഒടുക്കാതെ കയ്യിൽ സൂക്ഷിച്ചിരിക്കുന്ന ആയതിന് വിശദീകരണംലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 7/30-11-18

തടസ്സപ്പെടുത്തിയ തുക 1,60,000/-

# 3-9 പ്രീമെട്രിക് ഹോസ്റ്റലിലെ കമ്പ്യൂട്ടർ പട്ടികജാതി വികസന വകുപ്പ് ഓഫീസിൽ ഉപയോഗിക്കുന്നു.

പ്രോജക്ട് നമ്പർ 2/17-18

പ്രോജക്ട്- പ്രീമെട്രിക് ഹോസ്റ്റലിൽ കമ്പ്യൂട്ടർ റൂം സജ്ജീകരിക്കൽ

നിർവഹണഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ 2,00,000/-

ചെലവ് 1,69,000/-

ബിൽ നമ്പർ 4/17-18/16-3-18

പ്രീമെട്രിക് ഹോസ്റ്റലിൽ കമ്പ്യൂട്ടർ റൂം സജ്ജീകരിക്കൽ എന്ന പ്രോജക്ടിനായി IDEAS INFOTECH എന്ന സ്ഥാപനത്തിന്റെ 5-3-18 തീയതിയിലെ 1754 നമ്പർ ഇൻവോയ്സ് പ്രകാരം നാല് കമ്പ്യൂട്ടർ പ്രിന്റർ, സ്കാനർ ,നാലു ഡി.വി.ഡി. റൈറ്റർ എന്നിവ വാങ്ങിയിരുന്നു. ആയത് പട്ടിക ജാതി വികസന ഓഫീസർ സ്റ്റോക്കിലേടുത്ത് ഹോസ്റ്റലിന് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നടത്തിയ പരിശോധനയിൽ ഒരു കമ്പ്യൂട്ടർ, പ്രിന്റർ, നാലു ഡി.വി.ഡി. റൈറ്റർ എന്നിവ കണ്ടെത്താൻ കഴിഞ്ഞില്ല. നിലവിൽ പ്രീമെട്രിക് ഹോസ്റ്റലിൽ കമ്പ്യൂട്ടർ പ്രവർത്തിപ്പിച്ച് തുടങ്ങിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പട്ടികജാതി വികസന ഓഫീസറുടെ ഓഫീസിലെ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ പ്രവർത്തനരഹിതമായ സാഹചര്യത്തിൽ ഹോസ്റ്റലിൽ നിന്നും ആയത് എടുത്ത് ഓഫീസിൽ ഉപയോഗിക്കുകയായിരുന്നുവെന്നും നിലവിൽ ഓഫീസിൽ പുതിയ കമ്പ്യൂട്ടർ ലഭിച്ച സാഹചര്യത്തിൽ ആയത് മടക്കി നൽകാമെന്നും അറിയിച്ചിട്ടുണ്ട്. നാലു ഡി.വി.ഡി. റൈറ്റർ കണ്ടെത്തി വിവരമറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇൻവോയ്സ് പ്രകാരം ഡി.വിഡി റൈറ്ററിന്റെ വിലയായ 4,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 5/29-11-18

നിരാകരിച്ച തുക- 4000/-

# 3-10 പട്ടികജാതിയിൽപ്പെട്ട വിദ്യർത്ഥികളുടെ വിദ്യഭ്യാസസൗകര്യം മെച്ചപ്പെടുത്തൽ- അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി.

പ്രോജക്ട് നമ്പർ 91 /18

പ്രോജക്ട് പട്ടികജാതിയിൽപ്പെട്ട വിദ്യർത്ഥികളുടെ വിദ്യഭ്യാസ സൗകര്യംമെച്ചപ്പെടുത്തൽ

നിർവഹണഉദ്യോഗസ്ഥൻ പട്ടികജാതി വികസന ഓഫീസർ

അടങ്കൽ 292725/-

ചെലവ് 158324/-

ബിൽ നമ്പർ 3/17-18/23-3-18----39050/-

5/17-18/16-3-18---49032/-

6/17-18/22-3-18----10367/-

7/17-18/28-3-18----59875/-

പട്ടികജാതിയിൽപ്പെട്ട വിദ്യർത്ഥികൾക്ക് വിദ്യഭ്യാസ സൗകര്യം മെച്ചപ്പടുത്തൽ എന്ന പ്രോജക്റ്റ് മാർഗ്ഗരേഖ പ്രകാരം (3-4-2017 തീയതിയിലെ ജി.ഒ.(എം.എസ്)80/17/തസ്വഭവ) അനുവദനീയമല്ല. മാർഗ്ഗരേഖയിൽ ഇല്ലാത്ത പദ്ധതി സർക്കാരിന്റെ മുൻകൂർ അനുമതിയോടുക്കൂടി നടപ്പാക്കേണ്ടതായിരുന്നു. ആയതിനാൽ മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത ടി പദ്ധതി നടപ്പിലാക്കിയതിന് മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ എന്ന് അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ജില്ലാ പട്ടികജാതി വികസന ഓഫീസർ അംഗീകരിച്ച പദ്ധതിയാണെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. ആയത് അംഗീകരിക്കുന്നില്ല. ആയതിനാൽ തുകയുടെ ചെലവ് നിരാകരിക്കുന്നു. ആവശ്യമായ തുടർനടപടി സ്വീകരിച്ച് നിരാകരണം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 5/29-11-18

നിരാകരിച്ച തുക 158324/-

## 3-11 മെഡിക്കൽ ക്യംപിനുള്ള മരുന്നുകളും ഉപകരണങ്ങളും നാളിതുവരെ ലഭ്യമായിട്ടില്ല.

പ്രോജക്ട് നമ്പർ 52/18

പ്രോജക്ട് ---ക്യൻസർ, വൃക്ക, കരൾ രോഗനിർണ്ണയവും അവയവദാന ബോധവൽക്കരണവും മരുന്ന വാങ്ങലും

നിർവഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ സി.എച്ച്.സി

അടങ്കൽ 5,00,000/-

ചെലവ് 4,51,163/-

ക്യാൻസ്ര, വൃക്ക രോഗ നിർണയ ക്യാപിനായി കെ.എം.എസ്.സി.എല്ലിൽ നിന്നും താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനായി പെർഫോർമാ ഇൻവോയ്സ് പ്രകാരം തുക നൽകിയെങ്കിലും നാളിതുവരെ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| പെർഫോർമാ ഇൻവോയ്സ് നമ്പർ | ഉപകരണങ്ങൾ | വില |
|---|---|---|
| PRF 364/17-18/22-3-18 | Urine analyser | 57,720/- |
| | Test tube small(12mmX100mm) | 4,088 |
| | | 61,808 |

ക്യാംപിൽ ഉപയോഗിക്കാനായി ആവശ്യപ്പെട്ട മരുന്നുകളിൽ താഴെ പറയും പ്രകാരം മരുന്നും ലഭ്യമായിട്ടില്ല.

| ഇൻവോയ്സ് നമ്പർ | ലഭിക്കാനുള്ള മരുന്നിന്റെ വില |
|---|---|
| PRF 5275/22-3-18 | 9,804 |
| PRF 5300/22-3-18 | 12,548 |
| | 22,352/- |

മരുന്നും ഉപകരണങ്ങളും ലഭ്യമാക്കാതെ ക്യംപ് നടത്തിയതെങ്ങനെയെന്ന് വ്യക്തമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മരുന്ന് ലഭ്യമാക്കാൻ താമസിച്ചതിനാൽ ജനറൽ സ്റ്റോക്കിലെ മരുന്നും ഉപകരണങ്ങളും എടുത്ത് ക്യാംപ് നടത്തിയെന്നും ലഭ്യമാകുന്ന മുറയ്ക്ക് റീക്കുപ്പ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ലഭ്യമാക്കാനുള്ള മരുന്നിന്റെയും ഉപകരണങ്ങളുടെയും വില ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 6/30-11-18

തടസ്സപ്പെടുത്തിയ തുക 1,04,160/-

## 3-12 പട്ടികജാതിയിൽപ്പെട്ട വികലാംഗർക്ക് സൈഡ് വീലോടുകൂടിയ സ്ക്കൂട്ടർ ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ -103/18

പ്രോജക്ട്-പട്ടികജാതിയിൽപ്പെട്ട വികലാംഗർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ

അടങ്കൽ -9,58,350/-

ചെലവ്-9,31,700/-

ബിൽ നമ്പർ 1/29-6-18

പട്ടികജാതിയിൽപ്പെട്ട വികലാംഗർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ എന്ന പദ്ധതിയ്ക്കായി സ്ഥാപനം ഹാജരാക്കിയ ബില്ലിൽ വണ്ടി വില , സൈഡ് വീൽ ഫിറ്റിംഗിനുള്ള ചാർജ്ജ് എന്നിവ മാത്രമേ ഈടാക്കിയിട്ടുള്ളൂ. എന്നാൽ ടി ബില്ലിൽ ഇൻഷ്വറൻസ്, ടാക്സ്, രജിസ്ട്രേഷൻ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത പദ്ധതിയിലെ 14 ഗുണഭോക്താക്കളുടെയും വണ്ടി രജിസ്റ്റർ ചെയ്തതിന്റെയും ലൈസൻസ്, ഇൻഷ്വറൻസ് എന്നിവയും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 7/30-11-18

തടസ്സപ്പെടുത്തിയ തുക-9,31,700/-

## 3-13 പഠിക്കാത്ത വിദ്യാർത്ഥിക്ക് പഠന സ്കോളർഷിപ്പ്

പ്രോജക്ട് നമ്പർ 88/18

പ്രോജക്ട് പട്ടികജാതിയിൽ പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

നിർവഹണഉദ്യോഗസ്ഥൻ പട്ടികജാതി വികസന ഓഫീസർ

അടങ്കൽ 2,75,000/-

ചെലവ് 1,95,000/-

ബിൽ നമ്പർ 1/17-18/14-12-17

പ്രസ്തുത പ്രോജക്ടിൽ ഗുണഭോക്താവായി തുക കൈപ്പറ്റിയ ശ്രീ. രേഷ്മാ. എസ്, ഷിജുഭവൻ, താഴം വടക്ക്എന്ന കുട്ടി 2015- 17വർഷം Bedകോഴ്സ് ചെയ്യുതിരുന്ന എന്ന സർട്ടിഫിക്കേറ്റാണ് അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കുന്നത്. 2017-18 വർഷം പഠിക്കാത്ത കുട്ടിക്ക് സ്കോളർഷിപ്പ് നൽകിയതിന്റെ കാരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ആയത് വിശദമായി പരിശോധിച്ച് മറുപടി നൽകുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ ടിയാൾക്ക് വേണ്ടി ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. 15,000/- രൂപ തിരികെ ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കി വിവരമറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 5/29-11-18

നിരാകരിച്ച തുക 15,000/-

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ/ബ്ലോക്ക്/ ജില്ല പഞ്ചായത്ത് | 2017-18 | 3,72,38,087 | ഭവന നിർമ്മാണം | 3,19,90,753 | 52,47,334 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി

നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ANERT | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ സോളാർ വൈദ്യുതി നിലയം സ്ഥാപിക്കൽ | | 8,80,000 | 6,92,770 | 1,87,230 |
| ഭൂജല വകുപ്പ്, കൊല്ലം | കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിലെ കിഴക്കനേല വാർഡിൽ ചാന്നാംപൊയ്ക കോളനിയിൽ കുടിവെള്ള പദ്ധതി | | 5,00,000 | ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല .ആയതിനാൽ അവശേഷിക്കുന്ന തുകയുടെ വിവരവും ലഭ്യമല്ല. | |
| | കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിലെ കുളമട കോട്ടക്കേറം വാർഡിൽ കുഴിയംവാരം കോളനിയിൽ കുടിവെള്ള പദ്ധതി | | 9,97,691 | | |
| കേരള വാട്ടർ അതോറിട്ടി | എസ്.സി. കോളനികളിൽ | 44/17-18/15- | 34,50,000 | | |

| | | | | |
|---|---|---|---|---|
| | കുടിവെള്ള പദ്ധതി -127/17-18 | 03-2018 | | |
| പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക്സ് | മാലിന്യ സംസ്കരണം-ക്യാമറ സ്ഥാപിക്കൽ | | 5,00,000 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവന വായ്പ | 1864-17/ 02.01.18 | 1,36,16,454 | 1,34,66,454 | 1,15,354 | 19,86,120 | 1,33,51,100 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാംവകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|

| | | | |
|---|---|---|---|
| | വർഷം | | |
| 1997-98 | 2001-02 | നെൽകൃഷിക്കാർക്ക് മൺവെട്ടി വിതരണം പാഴ്ചെലവ് | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,34,79,051 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,93,97,742 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,97,299 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 79,55,411 |

## (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 350 | ശ്രീമതി ബീനാ കുമാരി.റ്റി , സെക്രട്ടറി |
| 3-6 | | 1,19,625 | ശ്രീ. ജയറാം. എ.ഡി.എ |
| 3-9 | | 4,000 | ജി. ഹരിദാസ്, എസ്. സി.ഡി.ഒ. |
| 3-10 | | 1,58,324 | ജി. ഹരിദാസ്, എസ്. സി.ഡി.ഒ |
| 3-13 | - | 15,000/- | ജി. ഹരിദാസ്, എസ്. സി.ഡി.ഒ |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 1,61,860 | ശ്രീ. ശരശ്ചന്ദ്രക്കുറുപ്പ്, സെക്രട്ടറി |
| 3-5 | 61,67,691 | ശ്രീ. ശരശ്ചന്ദ്രക്കുറുപ്പ്, സെക്രട്ടറി |
| 3-7 | 4,30,000 | ശ്രീമതി ജെഷിത. ഇ സി.ഡി.പി.ഒ |
| 3-8 | 1,60,000/- | ശ്രീമതി ജെഷിത. ഇ സി.ഡി.പി.ഒ |

| | | |
|---|---|---|
| 3-11 | 1,04,160 | ഡോ. സാനി. എം.<br>സോമൻ മെഡിക്കൽ<br>ഓഫീസർ, സി.എച്ച്.സി |
| 3-12 | 9,31,700 | ശ്രീമതി രമണി റോസ്<br>സി.ഡി.പി.ഒ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദി കളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിലാസം** |
|---|---|---|
| ശ്രീമതി ബീനാ കുമാരി.റ്റി , സെക്രട്ടറി | | തയ്യിൽ , ഇടത്തറ പി. ഓ. കടയ്ക്കൽ |
| ജി. ഹരിദാസ്, എസ്. സി.ഡി.ഒ | | നന്ദനം,<br>പട. നോർത്ത് ,കരുനാഗപ്പള്ളി. പി.ഓ |
| ശ്രീ. ശരച്ചന്ദ്രക്കുറുപ്പ്, സെക്രട്ടറി | സെക്രട്ടറി ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | രാമനിലയം,നടയ്ക്കൽ ,<br>കല്ലുവാതുക്കൽ പി. ഓ |
| ശ്രീ. ജയറാം. എ.ഡി.എ | --- | എം. പി.2/14 എൽ,<br>രാമജയം,മണക്കാട്, മലയിൻകീഴ്<br>പി. ഓ, തിരുവനന്തപുരം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99<br>2005-06 | കെ.എസ്.എ.കെ.എൽ.എം.പി5-1447/18,<br>തീയതി 21.8.2018. |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി5-11/18,<br>തീയതി 7-2-18 |
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി.759/15<br>തീയതി -21-05-2015 |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി.1158/15<br>തീയതി 1-8-2015 |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി.549/16<br>തീയതി 31-3-2016 |
| 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി.2590/14<br>തീയതി 9-3-2015 |
| 2011-12 | എൽ.എഫ്.ക്യൂ.ഡി.ബി.1371/15<br>തീയതി 30-10-2015 |
| 2012-13 &<br>2013-14 | കെ.എസ്.എ.കെ.എൽ.എം.പി5 -1752/16<br>തീയതി 8-2-2017 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി5 358/18<br>തീയതി 6-3-2018 |
| 2015-16 | കെ എസ് എ. കെ എൽ എം.-ഡി ബി- 829/2017 തീയതി 29-11-17 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി5 /1159/18<br>തീയതി 21-7-2018 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ-കെ.എൽ.എം-പി,5/2035/18 തീയതി:20/3/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ല ഓഡിറ്റ് കൊല്ലം**

# അനുബന്ധം-2 സംക്ഷിപ്തം (Audited Abstract)

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ല ഓഡിറ്റ് ,കൊല്ലം**